# 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും)ഭേദഗതി ബിൽ സംബന്ധിച്ച

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2021 നവംബർ 2-ാം തീയതി സമർപ്പിച്ചത്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

# 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും)ഭേദഗതി ബിൽ സംബന്ധിച്ച

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1817/2021.

<u>ഉള്ളടക്കം</u>

*പേജ്*

| | | | |
|---|---|---|---|
| 1. | ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം: | | |
| | (i) വിയോജനക്കുറിപ്പ് | .. | 3 |
| | (ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

## സബ്ജക്ട് കമ്മിറ്റി XII
## (ആരോഗ്യവും കുടുംബക്ഷേമവും)
## (2021-2023)

**ഘടന**

ചെയർപേഴ്സൺ:

ശ്രീമതി വീണാ ജോർജ്ജ്,

ആരോഗ്യവും വനിത - ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലാലി. വി. എസ്., അണ്ടർ സെക്രട്ടറി.

## 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്)

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII- ന്റെ പരിഗണനയ്ക്ക് അയച്ച 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ (ബിൽ നമ്പർ 40) സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ 23-9-2021-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2021 ഒക്ടോബർ 27-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII -ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2021 ഒക്ടോബർ 29 -ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 4</u>

4-ാം ഖണ്ഡത്തിൽ "4" എന്ന അക്കത്തിന് പകരം "3" എന്ന അക്കം ചേർക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർക്കുന്നു.

തിരുവനന്തപുരം,
2021 ഒക്ടോബർ 29.

വീണാ ജോർജ്ജ്,
*ചെയർപേഴ്സൺ,*
*സബ്ജക്റ്റ് കമ്മിറ്റി XII.*

1817/2021.

അനുബന്ധം I

## വിയോജനക്കുറിപ്പ്

2018 -ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷന്റെ സമയം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് വേണ്ടിയാണ് 2021 -ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

സ്വകാര്യ ആശുപത്രികളെയും ലാബുകളെയും നിയന്ത്രിക്കാനായി കൊണ്ടുവന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ആശുപത്രികളെ രജിസ്ട്രേഷനുമായി സഹകരിപ്പിക്കുന്നതിനും ആശുപത്രികളിലെ ഫീസ് ഏകീകരണം അടക്കമുള്ള കാര്യങ്ങളിൽ മുന്നോട്ടുപോകുന്നതിനും സർക്കാരിന് സാധിച്ചിട്ടില്ല. നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകാത്തതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

എ. പി. അനിൽ കുമാർ — ഒപ്പ്

പി. കെ. ബഷീർ — ഒപ്പ്

കെ. കെ. രമ — ഒപ്പ്

അനുബന്ധം II

# 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു.]

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിനു 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 നവംബർ 9-ന് പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 18-ാം വകുപ്പിന്റെ ഭേദഗതി.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 18-ാം വകുപ്പിൽ "രണ്ട് " എന്ന വാക്കിനു പകരം "നാല് " എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ഓർഡിനൻസ് (2021-ലെ 114) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 ഒക്ടോബർ 29.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

1817/2021.